# തപസ്യയുടെ അടിത്തറയാണ് പരിധിയില്ലാത്ത വൈരാഗ്യം

ഇന്ന് ബാപ്ദാദ സർവ്വ സ്നേഹി കുട്ടികൾക്ക് സ്നേഹത്തിന്റെ പുഷ്പങ്ങൾ അർപ്പിക്കുന്നതായി കണ്ടു കൊണ്ടിരിക്കുന്നു. ദേശ വിദേശത്തുള്ള സർവ്വ കുട്ടികളുടെ ഹൃദയത്തിൽ നിന്നും സ്നേഹത്തിന്റെ പുഷ്പങ്ങൾ ചൊരിയുന്നതായി കണ്ടു കൊണ്ടിരിക്കുന്നു. സർവ്വ കുട്ടികളുടെയും മനസ്സിന്റെ ഒരേയൊരു നാദം അഥവാ ഗീതം കേട്ടു കൊണ്ടിരിക്കുന്നു. ഒരേയൊരു ഗീതമാണ്- എന്റെ ബാബ. നാല് ഭാഗത്തും മിലനം ആഘോഷിക്കുന്നതിന്റെ ശുഭമായ ആശകളുടെ ദീപം തിളങ്ങി കൊണ്ടിരിക്കുകയായിരുന്നു. ഈ ദിവ്യമായ ദൃശ്യം മുഴുവൻ കല്പത്തിൽ ബാപ്ദാദായ്ക്കും കുട്ടികൾക്കുമല്ലാതെ മറ്റാർക്കും കാണാൻ സാധിക്കില്ല. ഈ വിചിത്രമായ സ്നേഹത്തിന്റെ പുഷ്പം ഇവിടെ ഈ പഴയ ലോകത്തിലെ കോഹിനൂർ വജ്രത്തേക്കാൾ അമൂല്യമാണ്. ഈ ഹൃദയത്തിന്റെ ഗീതം കുട്ടികൾക്കല്ലാതെ മറ്റാർക്കും പാടാൻ സാധിക്കില്ല. ഇങ്ങനെയുള്ള ദീപാവലി മറ്റാർക്കും ആഘോഷിക്കാൻ സാധിക്കില്ല. ബാപ്ദാദായുടെ മുന്നിൽ സർവ്വ കുട്ടികളും പ്രത്യക്ഷമാണ്. സർവ്വരുടെയും സ്നേഹ സ്മരണയും സ്നേഹവും നിറഞ്ഞ അധികാരത്തിന്റെ പരാതികൾ കേട്ടു കൊണ്ടിരിക്കുന്നു, അതോടൊപ്പം ഓരോ കുട്ടിക്കും റിട്ടേണായി കോടിമടങ്ങ് സ്നേഹ സ്മരണ നല്കി കൊണ്ടിരിക്കുന്നു. കുട്ടികൾ അധികാരത്തോടെ പറയുന്നു- നമ്മുക്കേവർക്കും സാകാര രൂപത്തിലൂടെ മിലനം ആഘോഷിക്കാം. ബാബയും ആഗ്രഹിക്കുന്നു, കുട്ടികളും ആഗ്രഹിക്കുന്നുണ്ട്. എന്നാലും സമയത്തിനനുസരിച്ച് ബ്രഹ്മാബാബ അവ്യക്ത ഫരിസ്ഥാ രൂപത്തിൽ സാകാര രൂപത്തിലൂടെ അനേകമിരട്ടി തീവ്രതയോടെ സേവനം ചെയ്ത് കുട്ടികളെ തനിക്ക് സമാനമാക്കി കൊണ്ടിരിക്കുന്നു. ഒന്നോ രണ്ടോ വർഷത്തേക്ക് മാത്രമല്ല, എന്നാൽ അനേക വർഷം അവ്യക്ത മിലനം, അവ്യക്ത രൂപത്തിൽ സേവനത്തിന്റെ അനുഭവം ചെയ്യിച്ചു. ചെയ്യിച്ചു കൊണ്ടിരിക്കുന്നു. അതിനാൽ ബ്രഹ്മാബാബ അവ്യക്തമായിട്ടും വ്യക്തത്തിൽ എന്തിന് പാർട്ടഭിനയിച്ചു? സമാനമാക്കുന്നതിന്. ബ്രഹ്മാബാബ അവ്യക്തത്തിൽ നിന്നും വ്യക്തത്തിലേക്ക് വന്നു, അപ്പോൾ കുട്ടികൾ റിട്ടേണായി എന്ത് ചെയ്യണം? വ്യക്തത്തിൽ നിന്നും അവ്യക്തമാകണം. സമയത്തിനനുസരിച്ച് അവ്യക്ത മിലനം, അവ്യക്ത രൂപത്തിലൂടെയുള്ള സേവനം വളരെ അത്യാവശ്യമാണ്. അതു കൊണ്ട് സമയത്തിനനുസരിച്ച് ബാപ്ദാദ അവ്യക്ത മിലനത്തിന്റെ അനുഭവത്തിന്റെ സൂചന നല്കി കൊണ്ടിരിക്കുന്നു. ഇതിന് വേണ്ടി തപസ്യാ വർഷവും ആഘോഷിച്ചു കൊണ്ടിരിക്കുകയാണല്ലോ. ബാപ്ദാദായ്ക്ക് സന്തോഷമുണ്ട് ഭൂരിപക്ഷം കുട്ടികൾക്കും വളരെ നല്ല ഉണർവ്വും ഉത്സാഹവുമുണ്ട്. ഭൂരിപക്ഷം പേരും, പ്രോഗ്രാമിനനുസരിച്ച് ചെയ്യുക തന്നെ വേണം എന്ന് ചിന്തിക്കുന്നു. ഒന്നുണ്ട് പ്രോഗ്രാം അനുസരിച്ച് ചെയ്യുക, രണ്ടാമത്തേത് ഹൃദയത്തിന്റെ ഉണർവ്വും ഉത്സാഹത്തോടെയും ചെയ്യുക. ഓരോരുത്തരും സ്വയത്തോട് ചോദിക്കൂ- ഞാൻ ഏതിലാണ്?

സമയത്തിന്റെ പരിതസ്ഥിതിക്കനുസരിച്ച്, സ്വ ഉന്നതിക്കനുസരിച്ച്, തീവ്രഗതിയുടെ സേവനത്തിനനുസരിച്ച്, ബാപ്ദാദായുടെ സ്നേഹത്തിന്റെ റിട്ടേൺ നല്കുന്നതിനനുസരിച്ച് തപസ്യ വളരെ ആവശ്യമാണ്. സ്നേഹിക്കുക എന്നത് വളരെ സഹജമാണ്, സർവ്വരും ചെയ്യുന്നുമുണ്ട്- ഇതും ബാബയ്ക്കറിയാം എന്നാൽ റിട്ടേണായി സ്വരൂപത്തിൽ ബാപ്ദാദായ്ക്ക് സമാനമാകണം. ഈ സമയത്ത് ബാപ്ദാദ ഇത് കാണാനാണ് ആഗ്രഹിക്കുന്നത്. ഇത് ചിലർ ചെയ്യുന്നുണ്ട്. ആഗ്രഹം സർവ്വർക്കുമുണ്ട് എന്നാൽ ആഗ്രഹിക്കുന്നവരും ചെയ്യുന്നവരും- ഇതിൽ വ്യത്യാസമുണ്ട് കാരണം തപസ്യയുടെ സദാ സഹജമായ അടിത്തറയാണ്- പരിധിയില്ലാത്ത വൈരാഗ്യം. പരിധിയില്ലാത്ത വൈരാഗ്യം അർത്ഥം നാല് ഭാഗത്തുമുള്ള തീരങ്ങളെ ഉപേക്ഷിക്കുക കാരണം തീരങ്ങളെ ആശ്രയമാക്കിയിരിക്കുന്നു. സമയത്തിനനുസരിച്ച് പ്രിയപ്പെട്ടവരായി, സമയത്തിനനുസരിച്ച് നിമിത്തമായ ആത്മാക്കളുടെ സൂചനയനുസരിച്ച് സെക്കന്റിൽ സ്നേഹിയാകുന്നുവോ അത്രത്തോളം ബുദ്ധി അതിൽ നിന്നും നിർമ്മോഹിയാകണം, അത് സംഭവിക്കുന്നില്ല. എത്രത്തോളം വേഗം സ്നേഹിയായി മാറുന്നുവൊ, അത്രത്തോളം നിർമ്മോഹിയാകുന്നില്ല. സ്നേഹിയാകുന്നതിൽ സമർത്ഥരാണ്, നിർമ്മോഹിയാകുന്നതിൽ ചിന്തിക്കുന്നു, ധൈര്യം ഉണ്ടായിരിക്കണം. നിർമ്മോഹിയാകുക എന്നതിനെ തന്നെയാണ് തീരങ്ങളെ ഉപേക്ഷിക്കുക എന്ന് പറയുന്നത്. തീരങ്ങളെ ഉപേക്ഷിക്കുക തന്നെയാണ് പരിധിയില്ലാത്ത വൈരാഗ്യ വൃത്തി. തീരങ്ങളെ ആശ്രയമാക്കാൻ അറിയാം എന്നാൽ ഉപേക്ഷിക്കുന്നതിനായി എന്ത് ചെയ്യുന്നു? വലിയ ചോദ്യ ചിഹ്നം വരുന്നു. സേവനത്തിന്റെ ഇൻചാർജ്ജ് ആകാൻ അറിയാം എന്നാൽ ഇൻചാർജ്ജിനോടൊപ്പം സ്വയത്തിന്റെയും മറ്റുള്ളവരുടെയും ബാറ്ററി ചാർജ്ജ് ചെയ്യുന്നതിൽ പ്രായസം അനുഭവപ്പെടുന്നു അതിനാൽ വർത്തമാന സമയത്ത് തപസ്യയിലൂടെ വൈരാഗ്യ വൃത്തി വളരെ ആവശ്യമാണ്.

തപസ്യയുടെ സഫലതയുടെ വിശേഷമായ ആധാരം അഥവാ സഹജമായ സാധനം- ഒന്ന് എന്ന ശബ്ദത്തിന്റെ പാഠം പക്കായാക്കൂ. രണ്ടും മൂന്നുമൊക്കെയെഴുതാൻ പ്രയാസമാണ്. ഒന്ന് എന്നെഴുതാൻ വളരെ സഹജമാണ്. തപസ്യ അർത്ഥം ഒന്നിന്റേതാകുക. അതിനെയാണ് ബാപ്ദാദ ഏകനാമിയെന്ന് പറയുന്നത്. തപസ്യ അർത്ഥം മനസ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കുക, തപസ്യ അർത്ഥം ഏകാന്ത പ്രിയരായിരിക്കുക, തപസ്യ അർത്ഥം സ്ഥിതിയെ ഏകരസമാക്കുക, തപസ്യ അർത്ഥം പ്രാപ്തമായിട്ടുള്ള സർവ്വ ഖജനാക്കളെ വ്യർത്ഥത്തിൽ നിന്നും സംരക്ഷിക്കുക അർത്ഥം മിതവ്യയത്തിലൂടെ കൊണ്ടു പോകുക. അതിനാൽ ഒന്നിന്റെ പാഠം പക്കായായില്ലേ- ഒന്നിന്റെ പാഠം പ്രയാസമാണോ അതോ സഹജമാണോ? സഹജമാണ് എന്നാൽ - ഇങ്ങനെയുള്ള ഭാഷ പറയില്ലല്ലോ.

വളരെ വളരെ ഭാഗ്യവാൻമാരാണ്. അനേക പ്രകാരത്തിലുള്ള പരിശ്രമത്തിൽ നിന്നും മുക്തമായി. ലോകത്തിലുള്ളവരെ കൊണ്ട് സമയം ചെയ്യിക്കും, സമയത്ത് ഗത്യന്തരമില്ലാതെ ചെയ്യും. കുട്ടികളെ ബാബ സമയത്തിന് മുമ്പേ തയ്യാറാക്കുന്നു, ബാബയുടെ സ്നേഹത്തിലൂടെ ചെയ്യുന്നു. സ്നേഹത്തോടെ ചെയ്തില്ല അഥവാ കുറച്ചേ ചെയ്തുള്ളൂവെങ്കിൽ എന്ത് സംഭവിക്കും? ഗത്യന്തരമില്ലാതെ ചെയ്യേണ്ടി തന്നെ വരും. പരിധിയില്ലാത്ത വൈരാഗ്യ ഭാവന ധാരണ ചെയ്യുക തന്നെ വേണം എന്നാൽ ഗത്യന്തരമില്ലാതെ ചെയ്യുന്നതിന്റെ ഫലം ലഭിക്കുകയില്ല. സ്നേഹത്തിന്റെ പ്രത്യക്ഷ ഫലമായി ഭാവിയിലെ ഫലം ലഭിക്കുന്നു.ഗത്യന്തരമില്ലാതെ ചെയ്യുന്നവർക്ക് എല്ലാത്തിനെയും ക്രോസ്( മറിക്കടക്കുക) ചെയ്യേണ്ടി വരുന്നു. ക്രോസ് ചെയ്യുക എന്നത് ക്രോസിൽ കയറുന്നതിന് സമാനമാണ്. അപ്പോൾ എന്താണ് ഇഷ്ടം? സ്നേഹത്തോടെ ചെയ്യില്ലേ. ബാപ്ദാദ പിന്നീടൊരിക്കൽ തീരങ്ങളുടെ ലിസ്റ്റ് കേൾപ്പിക്കാം. ഇതൊക്കെ അറിയുന്നതിൽ സമർത്ഥരല്ലേ. റിവൈസ് ചെയ്യിക്കാം കാരണം ബാപ്ദാദായ്ക്ക് കുട്ടികളുടെ ദിവസേനയുള്ള ദിനചര്യ ആഗ്രഹിക്കുന്ന സമയത്ത് കാണാൻ സാധിക്കും. ഓരോരുത്തരുടെയും കാണാനുള്ള പരിശ്രമം മുഴുവൻ ദിനം ചെയ്യുന്നില്ല. സാകാര ബ്രഹ്മാബാബയെ കണ്ടു, ബാബയുടെ ദൃഷ്ടി സ്വതവേ എവിടെയായിരുന്നു? എവിടെയെല്ലാം നിർദ്ദേശം നല്കണമോ, എവിടെയെല്ലാം ആവശ്യമുണ്ടോ അവിടെ. ബാപ്ദാദ സർവ്വതും കാണുന്നുണ്ട്, എന്നാൽ കാണാതിരിക്കുന്നുമുണ്ട്. അറിയുന്നുമുണ്ട്, എന്നാൽ അറിയുന്നുമില്ല. ആവശ്യമില്ലാത്തത് കാണുന്നില്ല, അറിയുന്നില്ല. നല്ല കളികൾ കാണുന്നുണ്ട്, അത് പിന്നീടൊരിക്കൽ കേൾപ്പിക്കാം. ശരി. തപസ്യ ചെയ്യുക, പരിധിയില്ലാത്ത വൈരാഗ്യ ഭാവനയിലിരിക്കുക സഹജമല്ലേ. ഉപേക്ഷിക്കാൻ പ്രയാസമാണോ? എന്നാൽ ആകേണ്ടതും നിങ്ങൾ തന്നെയാണ്. കല്പ കല്പത്തെ പ്രാപ്തിയുടെ അധികാരിയായി, തീർച്ചയായും ആകും. ശരി. ഈ വർഷം കഴിഞ്ഞ കല്പത്തെ, അനേക കല്പങ്ങൾക്ക് മുമ്പുള്ള പഴയ, ഈ കല്പത്തിലെ പുതിയ കുട്ടികൾക്ക് അവസരം ലഭിച്ചിരിക്കുന്നു. അതിനാൽ അവസരം ലഭിച്ചതിന്റെ സന്തോഷമില്ലേ? ഭൂരിപക്ഷം പേരും പുതിയവരാണ്, ടീച്ചേഴ്സ് പഴയവരാണ്. അതിനാൽ ടീച്ചർ എന്ത് ചെയ്യും? വൈരാഗ്യ ഭാവന ധാരണ ചെയ്യില്ലേ? തീരങ്ങളെയൊക്കെ ഉപേക്ഷിക്കില്ലേ? അതോ ആ സമയത്ത് പറയുമോ- ചെയ്യാൻ ആഗ്രഹിച്ചിരുന്നു എന്നാൽ എങ്ങനെ ചെയ്യും? ചെയ്ത് കാണിക്കുന്നവരാണോ അതോ കേൾപ്പിക്കുന്നവരാണോ? നാല് ഭാഗത്ത് നിന്ന് വന്നിട്ടുള്ള സർവ്വ കുട്ടികളെ ബാപ്ദാദ സാകാര രൂപത്തിൽ കണ്ടപ്പോൾ ഹർഷിതമായി കൊണ്ടിരിക്കുന്നു. ധൈര്യം വച്ചു, ബാബയുടെ സഹായം സദായുണ്ട്, അതിനാൽ സദാ ധൈര്യത്തോടെ സഹായത്തിന്റെ അധികാരത്തെ അനുഭവം ചെയ്ത് സഹജമായി പറക്കൂ. ബാബ സഹായം നല്കുന്നുണ്ട് എന്നാൽ എടുക്കുന്നവർ എടുക്കണമല്ലോ. ദാതാവ് നല്കുന്നുണ്ട് എന്നാൽ എടുക്കുന്നവർ യഥാശക്തിക്കനുസരിച്ചാണ്. അതിനാൽ യഥാശക്തിയനുസരിച്ചാകരുത്. സദാ സർവ്വശക്തിവാനാകണം. അപ്പോൾ പിന്നിലുള്ളവരും മുന്നിലെ നമ്പർ എടുക്കും. മനസ്സിലായോ. സർവ്വശക്തികളുടെ അധികാരം പൂർണ്ണമായും പ്രാപ്തമാക്കൂ. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ സ്നേഹി ആത്മാക്കൾ, സദാ ബാബയുടെ സ്നേഹത്തിന്റെ റിട്ടേൺ നല്കുന്ന, അനന്യരായ ആത്മാക്കൾ, സദാ തപസ്വീ മൂർത്ത് സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന, ബാബയുടെ സമീപത്തുള്ള ആത്മാക്കൾ, സദാ ബാബയ്ക്ക് സമാനമാകുന്നതിന്റെ ലക്ഷ്യത്തെ ലക്ഷണത്തിന്റെ രൂപത്തിൽ കൊണ്ടു വരുന്ന, ദേശ വിദേശത്തെ സർവ്വ കുട്ടികൾക്ക് ദിലാരാമനായ ബാബയുടെ ഹൃദയത്തിൽ നിന്നുള്ള, സ്നേഹം നിറഞ്ഞ സ്നേഹ സ്മരണയും നമസ്തേ.

**ദാദീമാരുമായുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം-** അഷ്ട ശക്തിധാരി, ഇഷ്ട ദേവൻമാരും അഷ്ട ദേവൻമാരുമല്ലേ. അഷ്ടരുടെ ലക്ഷണമെന്താണ്, അറിയാമോ? സദാ കർമ്മത്തിൽ സമയത്തിനനുസരിച്ച്, പരിതസ്ഥിതിക്കനുസരിച്ച്, ഓരോ ശക്തിയെയും കാര്യത്തിൽ കൊണ്ടു വരുന്നവർ. അഷ്ട ശക്തികൾ ഇഷ്ടരുമാക്കുന്നു, അഷ്ടരുമാക്കുന്നു. അഷ്ട ശക്തിധാരികളാണ് അതിനാൽ എട്ട് ഭുജങ്ങൾ കാണിക്കുന്നു, വിശേഷിച്ചും അഷ്ട ശക്തികളാണ്. വളരെയധികമുണ്ട്, എന്നാൽ എട്ടിൽ മിക്കതും ഉൾപ്പെടുന്നു.

വിശേഷ ശക്തികളെ സമയത്ത് കാര്യത്തിൽ കൊണ്ടു വരണം. എങ്ങനെയുള്ള സമയം, പരിതസ്ഥിതി അതേ പോലെ സ്ഥിതിയാകണം. അവരെയാണ് ഇഷ്ട ദേവൻ അഥവാ അഷ്ട ദേവൻ എന്ന് പറയുന്നത്. അതിനാൽ അങ്ങനെയുള്ള ഗ്രൂപ്പ് തയ്യാറായില്ലേ? വിദേശത്ത് എത്ര മാത്രം തയ്യാറായി? അഷ്ട ദേവൻമാരിൽ വരുന്നവരല്ലേ? ശരി.

(അതിരാവിലെ ബ്രഹ്മമുഹൂർത്തത്തിന്റെ സമയത്ത് സന്തരീ ദാദി ശരീരം വെടിഞ്ഞു)

നല്ലത്, സർവ്വർക്കും പോകുക തന്നെ വേണം. എവർ റെഡിയായോ അതോ ഓർമ്മ വരുമോ- എന്റെ സെന്റർ, വിദ്യാർത്ഥികൾക്ക് എന്ത് സംഭവിക്കും? എന്റെ എന്റെ എന്നത് ഓർമ്മ വരില്ലല്ലോ. സർവ്വർക്കും പോകുക തന്നെ വേണം എന്നാൽ ഓരോരുത്തരുടെയും കണക്ക് വ്യത്യസ്ഥമാണ്. കർമ്മ കണക്ക് സമാപ്തമാക്കാതെ ആർക്കും പോകാൻ സാധിക്കില്ല, അതിനാൽ സർവ്വരും സന്തോഷത്തോടെ വിട പറഞ്ഞു. സർവ്വർക്കും ഇഷ്ടമായില്ലേ. ഇങ്ങനെ പോകുന്നത് നല്ലതല്ലേ, അതിനാൽ നിങ്ങളും എവർ റെഡിയാകണം. ശരി.

**പാർട്ടികളുമായുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം-**

1) ദില്ലിയും പഞ്ചാബും സേവനത്തിന്റെ ആദി മുതലുള്ള സ്ഥലങ്ങളാണ്. സ്ഥാപനയുടെ സ്ഥാനം സദാ മഹത്വമുള്ളതെന്നാണ് പറയപ്പെടുന്നത്. സേവനത്തിൽ ആദി സ്ഥാനമാണ്, അതേപോലെ സ്ഥിതിയിൽ ആദി രത്നമല്ലേ? സ്ഥാനത്തിനോടൊപ്പം സ്ഥിതിയ്ക്കും മഹിമയുണ്ടല്ലോ. ആദി രത്നം അർത്ഥം ഓരോ ശ്രീമത്തിനെയും ജീവിതത്തിൽ കൊണ്ടു വരുന്നവർ. കേവലം കേൾക്കുക കേൾപ്പിക്കുക മാത്രം ചെയ്യുന്നവരല്ല, ചെയ്യുന്നവരാണ് കാരണം കേൾക്കുന്നവരും കേൾപ്പിക്കുന്നവരും അനേകമുണ്ട് എന്നാൽ ചെയ്യുന്നവർ കോടിയിൽ ചിലർ മാത്രമാണ്. ഞാൻ കോടിയിലെ ചിലരിൽപ്പെട്ടതാണ് എന്ന ലഹരിയുണ്ടോ? ഈ ആത്മീയ ലഹരി, മായയുടെ ലഹരിയെ വിടുവിക്കുന്നു. ഈ ആത്മീയ ലഹരി സുരക്ഷയുടെ സാധനമാണ്. ഏതൊരു മായയുടെ ലഹരി- വസ്ത്രം ധരിക്കുന്നതിന്റെ, കഴിക്കുന്നതിന്റെ, കാണുന്നതിന്റെ.... തന്റെ നേർക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല. അങ്ങനെയുള്ള ലഹരിയിൽ ഇരിക്കുകയാണോ അതോ മായ കുറച്ച് കുറച്ച് ആകർഷിക്കുന്നുണ്ടോ? ഇപ്പോൾ വിവേകശാലികളായില്ലേ. മായയെ കുറിച്ചുള്ള അറിവുമുണ്ട്. വിവേകശാലികൾ ഒരിക്കലും ചതിവിൽപ്പെടില്ല. വിവേകശാലികൾ ചതിവിൽപ്പെടുകയാണെങ്കിൽ സർവ്വരും അവരെയെന്ത് പറയും? വിവേകശാലികൾ, എന്നിട്ട് ചതിവിൽപ്പെട്ടു. ചതിവിൽപ്പെടുക അർത്ഥം ദുഃഖത്തെ ആഹ്വാനം ചെയ്യുക. ചതിവിൽപ്പെടുമ്പോൾ അതിലൂടെ ദുഃഖമുണ്ടാകുന്നുണ്ടല്ലോ. അപ്പോൾ ദുഃഖം ആരെങ്കിലും എടുക്കാൻ ആഗ്രഹിക്കുമോ? അതിനാൽ സദാ ആദി രത്നമാണ് അർത്ഥം ഓരോ ശ്രീമത്തിനെയും ജീവിതത്തിൽ പാലിക്കുന്നവർ. അങ്ങനെയല്ലേ? അതോ കാണുന്നുവോ- ആദ്യം മറ്റുള്ളവർ ചെയ്യട്ടെ, പിന്നെ ഞാൻ ചെയ്യാം? അവർ ചെയ്യുന്നില്ലായെങ്കിൽ  പിന്നെ ഞാനെങ്ങനെ ചെയ്യും? ചെയ്യുന്നതിൽ ആദ്യം ഞാൻ. മറ്റുള്ളവർ മാറട്ടെ, എന്നിട്ട് ഞാൻ മാറാം.... ഇവരും മാറട്ടെ എങ്കിൽ ഞാനും മാറാം....അങ്ങനെയല്ല, ആര് ചെയ്യുന്നുവൊ അവർ നേടും, എത്ര നേടും? ഒന്നിന് കോടി മടങ്ങ്. അപ്പോൾ ചെയ്യുന്നതിൽ രസമില്ലേ. ഒന്ന് ചെയ്യൂ കോടിമടങ്ങ് നേടൂ. ഇതിൽ പ്രാപ്തി തന്നെ പ്രാപ്തി തന്നെയാണ്. അതിനാൽ പ്രാക്ടിക്കലിൽ ശ്രീമത്തിനെ കൊണ്ടു വരുന്നതിൽ ആദ്യം ഞാൻ. മായക്ക് വശപ്പെടുന്നതിൽ ആദ്യം ഞാനല്ല, എന്നാൽ ഈ പുരുഷാർത്ഥത്തിൽ ആദ്യം ഞാൻ ആണ്- എങ്കിൽ ഓരോ ചുവടിലും സഫലത അനുഭവിക്കാൻ സാധിക്കും. സഫലത ഉറപ്പായും ലഭിക്കും. കേവലം കുറച്ച് മാർഗ്ഗം മാറ്റുന്നു, മാറ്റുമ്പോൾ ലക്ഷ്യം ദൂരെയകലുന്നു, സമയമെടുക്കുന്നു. തെറ്റായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചാൽ ലക്ഷ്യം ദൂരെയാകില്ലേ. അങ്ങനെ ചെയ്യരുത്. ലക്ഷ്യം മുന്നിൽ തന്നെ നിൽക്കുന്നു. തീർച്ചയായും സഫലത ലഭിക്കുന്നു. പരിശ്രമിക്കേണ്ടി വരുമ്പോൾ സ്നേഹം കുറയുന്നു എന്നർത്ഥം. സ്നേഹമുണ്ടെങ്കിൽ ഒരിക്കലും പരിശ്രമിക്കേണ്ടി വരില്ല കാരണം ബാബ അനേക ഭുജങ്ങൾ സഹിതം നിങ്ങളെ സഹായിക്കും. ബാബ തന്റെ ഭുജങ്ങളിലൂടെ സെക്കന്റിൽ കാര്യത്തെ സഫലമാക്കും. പുരുഷാർത്ഥത്തിൽ സദാ പറന്നു കൊണ്ടിരിക്കും. പഞ്ചാബിലുള്ളവർ പറക്കുകയാണോ അതോ ഭയക്കുകയാണോ? പക്കാ അനുഭവികളായില്ലേ? ഭയക്കുന്നവരല്ലല്ലോ? എന്ത് സംഭവിക്കും, എങ്ങനെ സംഭവിക്കും....അല്ല. അവർക്കും ശാന്തിയുടെ ദാനം നല്കുന്നവരാണ്. ആര് വന്നാലും ശാന്തി ലഭിച്ചിട്ട് വേണം പോകാൻ, വെറും കൈയ്യോടെ പോകരുത്. ജ്ഞാനം നല്കിയില്ലായെങ്കിലും, ശാന്തിയുടെ വൈബ്രേഷനും ശാന്തമാക്കി മാറ്റുന്നു. ശരി.

2) നാനാ ഭാഗത്ത് നിന്നും വന്നിട്ടുള്ള ശ്രേഷ്ഠാത്മാക്കൾ നിങ്ങൾ ബ്രാഹ്മണരാണ്, അല്ലാതെ രാജസ്ഥാനികളല്ല, മദ്ധ്യപ്രേശത്തുള്ളവരുമല്ല...സർവ്വരും ഒന്നാണ്. ഈ സമയത്ത് സർവ്വരും മധുബൻ നിവാസികളാണ്. ബ്രാഹ്മണരുടെ യഥാർത്ഥമായ സ്ഥാനം മധുബനാണ്. സേവനത്തിനായി വ്യത്യസ്ഥമായ സ്ഥലങ്ങളിൽ പോയിരിക്കുന്നു. ഒരേ സ്ഥാനത്ത് തന്നെയിരിക്കുകയാണെങ്കിൽ നാല് ഭാഗത്തുമുള്ള സേവനം എങ്ങനെ നടക്കും? അതിനാൽ സേവനാർത്ഥം വ്യത്യസ്ഥമായ സ്ഥലങ്ങളിൽ എത്തിയിരിക്കുന്നു.  ലൗകീകത്തിൽ ബിസിനസ്സുകാരാണെങ്കിലും ഗവൺമെന്റ് ജോലിക്കാരാണെങ്കിലും, ഫാക്ടിറിയിൽ ജോലി ചെയ്യുന്നവരാ

ണെങ്കിലും.....പക്ഷെ യഥാർത്ഥമായ തൊഴിൽ ഈശ്വരീയ സേവാധാരികളാണ്. മാതാക്കളും വീട്ടിലിരുന്നു കൊണ്ടും ഈശ്വരീയ സേവനത്തിലാണ്. ജ്ഞാനം ആര് കേട്ടാലും കേട്ടിലെങ്കിലും ശുഭ ഭാവന ശുഭ കാമനയുടെ വൈബ്രേഷനിലൂടെ തന്നെയാണ് പരിവർത്തനപ്പെടുന്നത്. കേവലം വാണിയുടെ സേവനം മാത്രമല്ല സേവനം, ശുഭ ഭാവന വയ്ക്കുക എന്നതും സേവനമാണ്. അപ്പോൾ രണ്ട് സേവനവും ചെയ്യാൻ അറിയാമല്ലോ? നിങ്ങളെ ആര് അപമാനിച്ചാലും നിങ്ങൾ ശുഭ ഭാവന, ശുഭ കാമന നല്കാതിരിക്കരുത്. ബ്രാഹ്മണരുടെ കർത്തവ്യമാണ്- എന്തെങ്കിലും നല്കുക. അതിനാൽ ഈ ശുഭ ഭാവന, ശുഭ കാമന വയ്ക്കുന്നതും ശിക്ഷണം നല്കുന്നതിന് സമാനമാണ്. സർവ്വരും വാക്കുകളിലൂടെ പരിവർത്തനപ്പെടില്ല. എങ്ങനെയുള്ളവരാകട്ടെ എന്തെങ്കിലും ദാനം തീർച്ചയായും നല്കൂ. പക്കാ രാവണനായാലും ശരി. ചില മാതാക്കൾ പറയാറില്ലേ- എന്റെ സംബന്ധി പക്കാ രാവണനാണ്, പരിവർത്തനപ്പെടില്ല എന്ന്, ഇങ്ങനെയുള്ള മാതാക്കൾ തന്റെ ഖജനാവിൽ നിന്നും ശുഭ ഭാവന, ശുഭ കാമന നല്കൂ. ആരെങ്കിലും ഗ്ലാനി ചെയ്യുമ്പോൾ അവരുടെ മുഖത്തിലൂടെയെന്താണ് വരുന്നത്? ഇവർ ബ്രഹ്മാകുമാർ കുമാരിമാരാണ്.....അപ്പോൾ ബ്രഹ്മാവിനെ ഓർമ്മിക്കുന്നുണ്ട്, ഗ്ലാനി ചെയ്യുകയാണെങ്കിലും ബ്രഹ്മാവ് എന്ന് പറയുന്നു. എന്നാലും ബാബയുടെ പേര് പറയുന്നുണ്ടല്ലോ. അറിഞ്ഞാണെങ്കിലും അറിയാതെയാണെങ്കിലും, നിങ്ങൾ അവർക്ക് അനുഗ്രഹം നല്കൂ. അങ്ങനെ അനുഗ്രഹം നല്കാറുണ്ടോ അതോ കേൾക്കാത്തവരെ അതേപോലെ തന്നെ ഉപേക്ഷിക്കുകയാണോ ചെയ്യുന്നത്? ഉപേക്ഷിക്കരുത്, ഇല്ലായെങ്കിൽ പിന്നീട് നമ്മുടെ ചെവി പിടിക്കും, പരാതി പറയും- ഞങ്ങൾ വിവേകശൂന്യരായിരുന്നു,നിങ്ങൾ എന്ത് കൊണ്ട് പറഞ്ഞില്ലായെന്ന്. ചെവിയിൽ പിടിക്കില്ലേ. നിങ്ങൾ നല്കി കൊണ്ടിരിക്കൂ, അവർ എടുത്താലും എടുത്തില്ലെങ്കിലും ശരി. ബാപ്ദാദ ദിവസവും കുട്ടികൾക്ക് അത്രയും ഖജനാവ് നല്കുന്നുണ്ട്, ചിലർ പൂർണ്ണമായും എടുക്കുന്നു, ചിലർ അവരവരുടെ ശക്തിക്കനുസരിച്ചും. ബാപ്ദാദ എപ്പോഴെങ്കിലും- ഇനി ഞാൻ തരില്ല എന്ന് പറയാറുണ്ടോ? എന്ത് കൊണ്ട് എടുക്കുന്നില്ല? അതിനാൽ ബ്രാഹ്മണരുടെ കർത്തവ്യമാണ് നല്കുക എന്നത്. ദാതാവിന്റെ മക്കളല്ലേ. അവർ നല്ലത് പറയുന്നു, എന്നിട്ട് നിങ്ങൾ നല്കുന്നു, അപ്പോൾ എടുക്കുന്നവരായില്ലേ? എടുക്കുന്നവർക്ക് ദാതാവിന്റെ മക്കളാകാൻ സാധിക്കുകയില്ല, ദേവതയാകാൻ സാധിക്കില്ല. നിങ്ങൾ ദേവതയാകുന്നവരല്ലേ? ദേവതാ ശരീരം തയ്യാറല്ലേ? അതോ ഇപ്പോൾ തയ്യാറായി കൊണ്ടിരിക്കുകയാണോ, കഴുകി കൊണ്ടിരിക്കുകയാണോ അതോ ഇസ്തിരിയിടാൻ മാത്രം ബാക്കിയാണോ? ദേവതാ വസ്ത്രം മുന്നിൽ കാണപ്പെടണം. ഇന്ന് ഫരിസ്ഥ, നാളെ ദേവത. എത്ര പ്രാവശ്യം ദേവതയായിരിക്കുന്നു? അതിനാൽ സദാ സ്വയത്തെ ദാതാവിന്റെ മക്കൾ ദേവതയാകുന്നവരാണ്- ഇത് ഓർമ്മ വയ്ക്കൂ. ദാതാവിന്റെ മക്കൾ എടുത്തിട്ട് നല്കുന്നില്ല. ബഹുമാനം വേണം, എന്നെ ബഹുമാനിച്ചാൽ ഞാനും ബഹുമാനിക്കാം- അങ്ങനെയാകരുത്. ദാതാവിന്റെ മക്കൾ സദാ നല്കുന്നവരാണ്. അങ്ങനെയുള്ള ലഹരി സദായില്ലേ. അതോ ഇടയ്ക്ക് കൂടുകയും കുറയുകയുമാണോ? ഇപ്പോൾ മായയോട് വിട പറഞ്ഞില്ലേ? പതുക്കെ പതുക്കെയല്ല പറയേണ്ടത്- അത്രയും സമയമില്ല. താമസിച്ചാണ് വന്നിട്ടുള്ളത്, എന്നിട്ട് പതുക്കെ പതുക്കെ പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ എത്തി ചേരാൻ സാധിക്കില്ല. നിശ്ചയമുണ്ടായി,ലഹരി വർദ്ധിച്ചു, പറന്നു. ഇപ്പോൾ പറക്കുന്ന കലയുടെ സമയമാണ്. പറക്കുന്നത് ഫാസ്റ്റായിരിക്കുമല്ലോ. നിങ്ങൾ ഭാഗ്യശാലികളാണ്- പറക്കുന്ന സമയത്ത് എത്തി ചേർന്നു. അതിനാൽ സദാ സ്വയത്തെ അങ്ങനെ അനുഭവിക്കൂ- ഞാൻ വളരെ വലിയ ഭാഗ്യവാനാണ്. ഇങ്ങനെയുള്ള ഭാഗ്യം മുഴുവൻ കല്പത്തിലും ലഭിക്കുകയില്ല. അതിനാൽ ദാതാവിന്റെ മക്കളാകൂ, എടുക്കണം എന്ന സങ്കല്പം വയ്ക്കരുത്. പൈസ വേണം, വസ്ത്രം വേണം, ഭക്ഷണം വേണം ...വേണം എന്നത് പാടില്ല. ദാതാവിന്റെ മക്കൾക്ക് സർവ്വതും സ്വതവേ തന്നെ പ്രാപ്തമാകുന്നു. യാചിക്കുന്നവർക്ക് ലഭിക്കുന്നില്ല. ദാതാവാകൂ എങ്കിൽ തനിയേ ലഭിച്ചു കൊണ്ടിരിക്കും. ശരി.

### വരദാനം- യഥാർത്ഥമായ ഓർമ്മയിലൂടെ സർവ്വശക്തി സമ്പന്നരായി മാറുന്ന സദാ ശസ്ത്രധാരി, കർമ്മയോഗിയായി ഭവിക്കട്ടെ.

യഥാർത്ഥമായ ഓർമ്മയുടെ അർത്ഥമാണ് സർവ്വ ശക്തികളാൽ സദാ സമ്പന്നരായിരിക്കുക എന്നത്. പരിതസ്ഥിതിയാകുന്ന ശത്രു വന്നാലും ആയുധം ഉപയോഗപ്പെട്ടില്ലെങ്കിൽ ശസ്ത്രധാരിയെന്ന് പറയാനാകില്ല. ഓരോ കർമ്മത്തിലും ഓർമ്മയുണ്ടാകണം എങ്കിൽ സഫലത ലഭിക്കും. കർമ്മം ചെയ്യാതെ ഒരു സെക്കന്റ് പോലുമിരിക്കാൻ സാധിക്കില്ല, അതേ പോലെ ഏതൊരു കർമ്മവും യോഗമില്ലാതെ ചെയ്യാൻ സാധിക്കില്ല, അതിനാൽ കർമ്മയോഗി, ശസ്ത്രധാരിയാകൂ, സമയത്ത് സർവ്വ ശക്തികളെ ഓർഡർ അനുസരിച്ച് ഉപയോഗിക്കൂ- എങ്കിൽ പറയാം യഥാർത്ഥമായ യോഗി.

### സ്ലോഗൻ- സങ്കല്പവും കർമ്മവും മഹാനായിട്ടുള്ളവർ തന്നെയാണ്മാസ്റ്റർ സർവ്വ ശക്തിവാൻ.